# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1921 | 22/03/2012 - ൽ മറുപടിക്ക്

## തീരദേശ ടൂറിസ്റ്റ് റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കണ്ണൂർ അറയ്ക്കൽ മ്യൂസിയം മുതൽ മുഴുപ്പിലങ്ങാട് ബീച്ചുവരെ നീളുന്ന ഒരു തീരദേശ ടൂറിസ്റ്റ് റോഡിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ? | (എ) കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട് ടൂറിസ്റ്റ് കേന്ദ്രം മുതൽ കണ്ണൂർ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വരെ ഏകദേശം 10 കിലോമീറ്റർ ദൈർഘ്യമുള്ളതും അഞ്ചു പാലങ്ങൾ ഉൾപ്പെട്ടതുമായ ഒരു തീരദേശറോഡ് നിർമ്മിക്കാനുള്ള പദ്ധതി ടൂറിസം ഡയറക്ടർക്ക് കണ്ണൂർ ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ചിട്ടുണ്ട്. 15 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത റോഡിന്റെ പ്രാഥമിക അന്വേഷണ പ്രവർത്തനങ്ങൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമായി 15 ലക്ഷം രൂപ അനുവദിക്കാനും ടൂറിസംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ